# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## ഒക്‌ലഹോമയിൽ സാത്താൻ ആരാധകർ പരസ്യമായി കറുത്ത കുർബാന അർപ്പിക്കുന്നതിനെതിരെ പ്രതിഷേധം ശക്തം



ഒക്‌ലഹോമ: ആഗോള കത്തോലിക്ക സഭ പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ കൊണ്ടാടുന്ന ആഗസ്റ്റ് 15ന അമേരിക്കയിലെ ഒക്‌ലഹോമയിൽ സാത്താൻ ആരാധകർ പരസ്യമായി കറുത്ത കുർബാന അർപ്പിക്കുവാൻ ഒരുങ്ങുന്നതിനെതിരെ പ്രതിഷേധം ശക്തമാകുന്നു. ടിഎഫ്പി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഡിഫൻസ് ഓഫ് ട്രേഡിഷൻ ഫാമിലി ആന്റ് പ്രോപ്പർട്ടി എന്ന സംഘടനയുടെ നേതൃത്വത്തിൽ കറുത്ത കുർബാന തടയുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തിവരികയാണ്. കറുത്ത കുർബാന തടയണമെന്നാവശ്യപ്പെട്ട് ടിഎഫ്പിയുടെ നേതൃത്വത്തിൽ സർക്കാരിന് സമർപ്പിക്കുന്ന ഭീമമായ ഹർജിയിൽ ഇത് വരെ ഒന്നരലക്ഷം പേർ ഒപ്പിട്ടു കഴിഞ്ഞു.

ടിഎഫ്പിയുടെ വിദ്യാർത്ഥി സംഘം ഡയറക്ടറായ ജോൺ റിച്ചി കറുത്ത കുർബാന നടത്തുവാനുള്ള ശ്രമം ശക്തമായി എതിർക്കപ്പെടേണ്ടതാണെന്ന് പറഞ്ഞു. 'സൃഷ്ടാവായ ദൈവത്തെ അപമാനിക്കുവാൻ വേണ്ടി നടത്തുന്ന ഈ പരിപാടിക്കെതിരേ എല്ലാവരും രംഗത്ത് വരണം. കറുത്ത കുർബാന തടയണം എന്നാവശ്യപ്പെടുന്ന രണ്ടു ലക്ഷംപേർ ഒപ്പിടുന്ന ഭീമഹർജി അമേരിക്കൻ സർക്കാരിന് സമർപ്പിക്കുവാൻ നാം ഒരുങ്ങുകയാണ്. ഇതിനോടകം തന്നെ ഒന്നരലക്ഷം പേർ പരാതിയിൽ ഒപ്പിട്ടു കഴിഞ്ഞു. കൂടുതൽ ആളുകൾ ഞങ്ങളെ പിന്തുണയ്ക്കണമെന്ന് അപേക്ഷിക്കുന്നു'. ജോൺ റിച്ചി പറഞ്ഞു.

ആദം ഡാനിയേൽസ് എന്ന വ്യക്തിയുടെ നേതൃത്വത്തിൽ ഒക്‌ലഹോമ സിവിക് സെന്റർ മ്യൂസിക് ഹാളിലാണ് സാത്താൻ ആരാധകർ സഭയേയും ക്രിസ്തുവിനേയും ദൈവമാതാവിനേയും അപമാനിക്കുന്ന തരത്തിലുള്ള പരിപാടി ക്രമീകരിച്ചിരിക്കുന്നത്. വിശുദ്ധ കുർബാനയെയും പരിശുദ്ധ അമ്മയെയും അപമാനിക്കുന്ന കറുത്ത കുർബാന, വിശ്വാസികളുടെ ഉള്ളിൽ ഉണ്ടാക്കിയിരിക്കുന്നത് തീവ്രമായ രോക്ഷവും അതികഠിനമായ വേദനയുമാണ്.

അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും പേരിൽ അതിനെ ചൂഷണം ചെയ്തു കൊണ്ടുള്ള ഇത്തരം തെറ്റായ നടപടികൾ അനുവദിക്കുന്നത് തടയണമെന്നും

ടിഎഫ്സി ആവശ്യപ്പെടുന്നു. കറുത്ത കുർബാന നടത്തുമെന്ന് സാത്താൻ ആരാധകർ പ്രഖ്യാപിച്ച ദിവസം തന്നെ സമാധാന പ്രാർത്ഥനാ റാലി നടത്തുവാനും ടിഎഫ്സി തീരുമാനിച്ചിട്ടുണ്ട്.

കറുത്ത കുർബാന തടയണമെന്നാവശ്യപ്പെടുന്ന പരാതിയിൽ നിങ്ങളുടെ ഒപ്പ് രേഖപ്പെടുത്താൻ ഇവിടെ ക്ലിക്ക് ചെയ്യുക

http://www.tfpstudentaction.org/stop-black-mass-oklahoma-city.html

കടപ്പാട്: pravachakasabdam.com